
# നോർത്ത് അമേരിക്കൻ ക്നാനായ റീജിയൻ ദശാബ്ദി ആഘോഷനിറവിൽ


മേജർ ആർച്ച് ബിഷപ്
കർദ്ദിനാൾ ജോർജ് ആലഞ്ചേരി


ആർച്ച് ബിഷപ് മാർ മാത്യു മൂലക്കാട്ട്
കോട്ടയം അതിരൂപതാധ്യക്ഷൻ


മാർ ജേക്കബ് അങ്ങാടിയത്ത്
ചിക്കാഗോ രൂപതാദ്ധ്യക്ഷൻ


മാർ ജോയി ആലപ്പാട്ട്
ചിക്കാഗോ രൂപതാ സഹായമെത്രാൻ


റവ. ഫാ. തോമസ് മുളവനാൽ
വികാരി ജനറാൾ/റീജിയണൽ ഡയറക്ടർ

അമേരിക്കൻ ഐക്യനാടുകളിലേക്ക് കുടിയേറിയ ക്നാനായ ജനം ഇന്ന് അജപാലന മുന്നേറ്റത്തിലാണ്. ഭാരതത്തിന് പുറത്ത് സ്വന്തമായ മിഷനുകളും ഇടവകകളും, ഫൊറോനകളും, അജപാലന ക്രോഡീകരണത്തിന് തനതായ സഭാത്മക സംവിധാനവും കൈവരിക്കാൻ അവസരം ഒരുക്കപ്പെട്ടത് അമേരിക്കൻ ക്നാനായ പ്രവാസികൾക്ക് ലഭിച്ച വലിയ അനുഗ്രഹമാണ്.

ഉന്നത വിദ്യാഭ്യാസവും മികച്ച ജോലി സാധ്യതകളും മുന്നിൽകണ്ട് അമേരിക്കയിലേക്ക് കുടിയേറിയ ക്നാനായക്കാർക്ക് ആദ്യകാലഘട്ടങ്ങൾ ഏറെ ഞെരുക്കങ്ങൾ നിറഞ്ഞതായിരുന്നു. ഈ കുടിയേറ്റക്കാരിൽ ഏറിയ പങ്കും അമേരിക്കൻ ആതുരാലയങ്ങളിൽ ജോലിതേടിയെത്തിയ നഴ്സുമാരാണ്. അവരുടെ പരിശ്രമങ്ങൾ വഴി ജീവിത പങ്കാളിയേയും സ്വന്തബന്ധു ജനങ്ങളേയും അമേരിക്കയിൽ എത്തിച്ചതോടെ ക്നാനായ കുടിയേറ്റത്തിന് ആക്കം വർദ്ധിച്ചു.

ജന്മനാട്ടിൽ പഠിച്ചതും പരിശീലിച്ചതുമായ ക്രൈസ്തവ വിശ്വാസവും പാരമ്പര്യങ്ങളും നിലനിർത്തുവാനും പരിശീലിക്കുവാനും തലമുറകൾക്ക് കൈമാറാനും ആഗ്രഹിച്ച നമ്മുടെ ജനം സ്വന്തമായ രീതിയിൽ, കുർബാനയും കൂദാശകളും നടത്തിക്കിട്ടുവാൻ സാധ്യമായതെല്ലാം ചെയ്തു. ക്നാനായ കൂട്ടായ്മകളും അസോസിയേഷനുകളും ആരംഭിച്ചു. അവയുടെ നേതൃത്വത്തിൽ സൗകര്യപ്രദമായ സ്ഥലങ്ങളിലെല്ലാം മലയാളം കുർബാനയും മറ്റിതര കൂദാശകളും പരികർമ്മം ചെയ്തു കിട്ടാൻ അമേരിക്കയിൽ ഉപരിപഠനത്തിനെത്തിയ വൈദികരുടെ സേവനം പ്രയോജനപ്പെടുത്തി.

ചിക്കാഗോയിലെ ക്നാനായ സമൂഹം ഒരു ക്നാനായ വൈദികന്റെ സേവനം ചിക്കാഗോയിൽ ലഭിക്കുവാൻ ആഗ്രഹിക്കുകയും, അഭി. കുന്നശ്ശേരിൽ പിതാവ് അതിനുവേണ്ട ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തതുവഴി ചിക്കാഗോ ലാറ്റിൻ അതിരൂപതയുടെ കീഴിൽ ഒരു ക്നാനായ വൈദികനെ അജപാലന കാര്യങ്ങൾക്ക് നിയോഗിക്കുവാൻ സാഹചര്യം ഒരുങ്ങി. 1983 ൽ റവ. ഫാ. ജേക്കബ് ചൊള്ളമ്പേൽ ചിക്കാഗോയിൽ എത്തിയതോടെ അമേരിക്കയിലെ ആദ്യ ക്നാനായ മിഷൻ സ്ഥാപിതമായി. ഏതാണ്ട് 10 വർഷങ്ങൾക്കുശേഷം റവ. ഫാ. ജോസ് ശൗര്യാമാക്കിൽ ന്യൂയോർക്കിൽ ക്നാനായ മിഷൻ ഡയറക്ടറായി എത്തി. തുടർന്ന് ഹൂസ്റ്റൺ, ഡാളസ്, ന്യൂജേഴ്സി, ഫിലാഡെൽഫിയ, സാൻഹൊസെ തുടങ്ങിയ സ്ഥലങ്ങളിൽ ക്നാനായ മിഷനുകളും ക്നാനായ വൈദികരുടെ സേവനവും ലഭ്യമായി.

2001 ൽ സീറോ മലബാർ രൂപത ചിക്കാഗോയിൽ സ്ഥാപിതമായതോടെ അമേരിക്കയിലെ എല്ലാ ക്നാനായക്കാരും പ്രസ്തുത രൂപതയുടെ അജപാലനാധികാരത്തിൻ കീഴിലായി. വിവിധ ലാറ്റിൻ രൂപതകളുടെ കീഴിൽ അന്നുവരെ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ക്നാനായ മിഷനുകൾ ചിക്കാഗോ സീറോ മലബാർ രൂപതയുടെ കീഴിൽ ഏകോപിപ്പിക്കപ്പെട്ടു. ക്നാനായ ജനത്തിന്റെ അജപാലന കാര്യങ്ങൾക്ക് പ്രത്യേക ചുമതല നൽകി അഭി. രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്ത് രൂപതയുടെ വികാരി ജനറളായി ബഹു. അബ്രഹാം മുത്തോലത്തച്ചനെ നിയമിച്ചു. പുതിയ മിഷനുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ സജീവമാക്കുന്നതിനും അദ്ദേഹം നേതൃത്വം നൽകി.

2006 ഏപ്രിൽ 28-ാം തീയതി അഭി. ജേക്കബ് അങ്ങാടിയത്ത് പിതാവ് അമേരിക്കൻ ക്നാനായ സമൂഹത്തിന്റെ വളർച്ച ലക്ഷ്യം വച്ച് ഒരു ക്നാനായ റീജിയൺ രൂപതയിൽ സ്ഥാപിക്കുകയും അതിന്റെ ഡയറക്ടറായി ബഹു. മുത്തോലത്തച്ചനെ നിയമിക്കുകയും ചെയ്തു. ഈ നിയമനം യഥാർത്ഥത്തിൽ 1889-ൽ അഭി. ചാൾസ് ലവീഞ്ഞ് മെത്രാൻ അന്നത്തെ കോട്ടയം വികാരിയാത്തിൽ (ചങ്ങനാശ്ശേരി) ഉൾപ്പെട്ടിരുന്ന ക്നാനായക്കാർക്ക് വേണ്ടി, വികാരി ജനറാൾ ആയി ഫാ. മാത്യു മാക്കീലിനെ, (പിന്നീട് തെക്കുംഭാഗർക്കായി സ്ഥാപിതമായ കോട്ടയം വികാരിയാത്തിന്റെ മെത്രാൻ) നിയമിച്ചതിനു തുല്യമാണ്. അഭി. ജേക്കബ് അങ്ങാടിയത്തിന്റെ ക്നാനായ റീജിയൺ സ്ഥാപന കൽപനയിൽ ഇപ്രകാരം എടുത്തു പറഞ്ഞിട്ടുണ്ട്. "നിലവിലുള്ള ക്നാനായ മിഷനുകളുടെയും മിഷനുകൾ സ്ഥാപിതമായിട്ടില്ലാത്ത പ്രദേശങ്ങളിൽ അധിവസിക്കുന്ന ക്നാനായക്കാരുടെയും മേലുള്ള അജപാലന ചുമതലയാണ് റീജിയൺ ഡയറക്ടർക്കുള്ളത്." ഇതുവഴി ഒറ്റപ്പെട്ടും സമൂഹമായും ജീവിക്കുന്ന നോർത്ത് അമേരിക്കൻ ക്നാനായ കുടിയേറ്റക്കാരുടെ മുഴുവൻ അജപാലന കാര്യ

**ജോണിക്കുട്ടി പിള്ളവീട്ടിൽ പി.ആർ.ഒ**

ങ്ങളും ക്രോഡീകരിക്കുവാനും നേതൃത്വം നൽകുവാനും ക്നാനായ വികാരി ജനറാളിന് സാധിക്കുന്നു. ഫലത്തിൽ ഈ കൽപന നോർത്ത് അമേരിക്കയിലെ ക്നാനായ കുടിയേറ്റക്കാർക്ക് സഭാത്മകമായി കിട്ടിയ വലിയ ഒരു അംഗീകാരമാണ്.

റീജിയൻ സ്ഥാപനത്തിന് ഏതാനും മാസങ്ങൾക്ക് ശേഷം ചിക്കാഗോയിൽ മേവുഡ് (Maywood) കേന്ദ്രമാക്കി പ്രഥമ ക്നാനായ ദേവാലയം സ്ഥാപിതമായി. തുടർന്ന് 2009ലും 10 ലും ആയി 8 ക്നാനായ ദേവാലയങ്ങൾ കൂദാശ ചെയ്യുവാൻ സാധിച്ചു.

2014 ഫെബ്രുവരി 8 ന് റവ. ഫാ. തോമസ് മുളവനാൽ രൂപതയുടെ വികാരി ജനറാളും ക്നാനായ മിഷൻ ഡയറക്ടറും ആയി നിയമിതനായി. തുടർന്ന് 2014 ഏപ്രിലിൽ കാനഡയിലെ ടൊറോൻടോയിൽ ക്നാനായ മിഷൻ സ്ഥാപിതമായി. ഇപ്പോൾ ബഹു. പത്രോസ് ചമ്പക്കരയച്ചൻ ഇവിടെ മിഷൻ ഡയറക്ടറായി സേവനം ചെയ്യുന്നു. മയാമി ക്നാനായ മിഷനും സ്വന്തമായ ദേവാലയം സ്ഥാപിച്ച് ഇടവകയായി ഉയർത്തപ്പെട്ടു.

അമേരിക്കയിലെ ക്നാനായ ഇടവകകളിലെ അംഗത്വം സംബന്ധിച്ച അവ്യക്തതകൾക്ക് സീറോ മലബാർ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ ജോർജ് ആലഞ്ചേരി പിതാവും കോട്ടയം അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് പിതാവും, ചിക്കാഗോ രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവും ചേർന്ന് എടുത്ത തീരുമാനം പരിഹാര പ്രദമായി. 2014 ആഗസ്റ്റ് 27 നാണ് ഈ തീരുമാനം ഉണ്ടായത്. ഇതോടെ ക്നാനായ മാതാപിതാക്കളിൽ നിന്നും ജനിച്ചവർ മാത്രമേ ക്നാനായ പള്ളികളിൽ അംഗങ്ങൾ ആയിരിക്കുകയുള്ളൂ എന്നതിൽ വ്യക്തത കൈവന്നു.

2015 ഫെബ്രുവരിയിൽ ക്നാനായ റിജിയണിലെ ചിക്കാഗോ തിരുഹൃദയ ദേവാലയവും ന്യൂയോർക്കിലെ സെന്റ് സ്റ്റീഫൻസ് ദേവാലയവും സാൻഹൊസേയിലെ സെന്റ് മേരീസ് ദേവാലയവും, താമ്പയിൽ തിരുഹൃദയ ദേവാലയവും ഹൂസ്റ്റണിലെ സെന്റ് മേരീസ് ദേവാലയവും ഫൊറോനകളായി ഉയർത്തി.

17 ക്നാനായ വൈദികരുടെ അജപാലന നേതൃത്വത്തിൽ ഇന്ന് 12 ഇടവക ദേവാലയങ്ങളും 9 ക്നാനായ മിഷനുകളും അമേരിക്കയിലും കാനഡയിലുമായി സജീവമായി പ്രവർത്തിച്ചുവരുന്നു. ഇതിൽ 8 ദേവാലയങ്ങൾക്ക് സ്വന്തമായി വൈദിക മന്ദിരങ്ങളും മൂന്നിടങ്ങളിൽ കോൺവെന്റുകളും 6 സ്ഥലങ്ങളിൽ ക്നാനായ ഇടവകകൾക്ക് സ്വന്തമായ സെമിത്തേരികളും ഉണ്ട്. 3000-ൽ അധികം കുട്ടികൾ വിശ്വാസ പരിശീലനം നടത്തിവരുന്നു.

ചിക്കാഗോ രൂപതാധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവും സഹായ മെത്രാൻ മാർ ജോയി ആലപ്പാട്ട് പിതാവും ക്നാനായ അജപാലനത്തിന് ആവശ്യമായ എല്ലാ നേതൃത്വവും നൽകിക്കൊണ്ടിരിക്കുന്നു.

ക്നാനായ റീജിയൺ സ്ഥാപിതമായതിന്റെ ദശവൽസരാഘോഷം റീജിയണിലെ മിഷൻ / ഇടവക പ്രതിനിധി സമ്മേളനത്തോടെയാണ് സമാപിക്കുക. സെപ്റ്റംബർ 10-ാം തീയതി രാവിലെ 8.30 ന് ചിക്കാഗോ സെന്റ് മേരീസ് ദേവാലയത്തിൽ കോട്ടയം അതിരൂപതാധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് പിതാവ് റീജിയണിലെ മുഴുവൻ വൈദീകരോടുമൊപ്പം കൃതജ്ഞതാബലി അർപ്പിക്കും. തുടർന്ന് 10 മണിക്ക് പ്രതിനിധി സമ്മേളനം അഭി. മാർ മാത്യു മൂലക്കാട്ട് പിതാവ് ഉദ്ഘാടനം ചെയ്യും. വൈകുന്നേരം 6 മണിക്ക് റീജീയന്റെ പത്താം വാർഷിക സമാപന സമ്മേളനം സീറോ മലബാർ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യും. അഭി. മാർ ജേക്കബ് അങ്ങാടിയത്ത് അദ്ധ്യക്ഷത വഹിക്കും. അഭി. മാർ മാത്യു മൂലക്കാട്ട് പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തും, മാർ ജോയി ആലപ്പാട്ട് പിതാവ് ആശംസ നേരും. റീജിയണൽ ഡയറക്ടർ റവ. ഫാ. തോമസ് മുളവനാൽ സ്വാഗതവും പ്രോഗ്രാം കൺവീനർ ജോയി വാച്ചാച്ചിറ നന്ദിയും പറയും.


പ്രതിനിധി സമ്മേളനത്തിൽ നോർത്ത് അമേരിക്കയിലെ വിവിധ ഇടവകകളിലും മിഷനുകളിൽ നിന്നും വൈദികരും സന്യസ്തരും ഉൾപ്പെടെ 200 പേർ പങ്കെടുക്കും.

പിന്നിട്ട കാലങ്ങളിൽ അമേരിക്കൻ ക്നാനായ കുടിയേറ്റ ജനതക്ക് ദൈവം നൽകിയ നന്മകൾക്ക് നന്ദി പറയുന്നതോടൊപ്പം നമ്മൾ ലക്ഷ്യംവയ്ക്കുന്ന സ്വന്തമായ അജപാലന ഭരണ സംവിധാനങ്ങൾക്ക് വേണ്ടി നമുക്ക് പ്രാർത്ഥിക്കുകയും ചെയ്യാം.


"ദൈവത്തിന്റെ ശക്തമായ കരത്തിൻ കീഴിൽ താഴ്മയോടെ നിൽക്കുവിൻ. തക്കസമയത്ത് അവിടുന്ന് നിങ്ങളെ ഉയർത്തിക്കൊള്ളും. നിങ്ങളുടെ ഉത്കണ്ഠകളെല്ലാം അവിടുത്തെ ഏൽപിക്കുവിൻ. അവിടുന്ന് നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്." 1 പത്രോസ് 5:6

നോർത്ത് അമേരിക്കയിലെ ക്നാനായ ജനത്തിന്റെ അജപാലനപരമായ മുന്നേറ്റത്തിന് ഈ തിരുവചനം ശക്തി പകരട്ടെ.

## ക്നാനായ റീജിയണിൽ സേവനം ചെയ്യുന്ന വൈദികർ



റവ. ഫാ. എബ്രഹാം മുത്തോലത്ത്



ഫാ. ജോസ് ആദോപ്പിള്ളിൽ


ഫാ. പത്രോസ് ചമ്പക്കര



ഫാ. റെന്നി കട്ടേൽ


ഫാ. ജോസ് ചിറപ്പുറത്ത്


ഫാ. ഡൊമിനിക്ക് മഠത്തിൽകളത്തിൽ



ഫാ. മാത്യു മേലേടത്ത്


ഫാ. സിജു മുടക്കോടിൽ



ഫാ. ബിനോയി നാരമംഗലത്ത്


ഫാ. ബിജു പാട്ടശ്ശേരിൽ


ഫാ. സജി പിണർക്കയിൽ


ഫാ. ജെമി പുതുശ്ശേരിൽ


ഫാ. ഫിലിപ്പ് രാമച്ചനാട്ട്


ഫാ. ജോസ് തറയ്ക്കൽ


ഫാ. സുനി പടിഞ്ഞാറേക്കര


ഫാ. ബോബൻ വട്ടംപുറത്ത്